Page 1 of 1

## 2. ഉപചോദ്യം സംബന്ധിച്ച്

ചോദ്യോത്തരവേളയിൽ ഉപചോദ്യം അനുവദിക്കുമ്പോൾ രണ്ട് പക്ഷത്തുമുള്ള ബഹുമാനപ്പെട്ട അംഗങ്ങൾക്ക് പരമാവധി അവസരം ലഭിക്കുന്നതിന് ചെയർ പ്രത്യേക ശ്രദ്ധ നൽകാറുണ്ടെങ്കിലും അതുസംബന്ധിച്ച് ചില അംഗങ്ങൾ പരാതി ഉന്നയിച്ച സാഹചര്യത്തിൽ ചില കാര്യങ്ങൾ വ്യക്തമാക്കുവാൻ ചെയർ ആഗ്രഹിക്കുന്നു. ഉപചോദ്യം അനുവദിക്കുന്നത് സംബന്ധിച്ച് 2011 സെപ്റ്റംബർ 29-ന് ചെയർ ഒരു റൂളിംഗ് നൽകിയിരുന്നു. ഓരോ നക്ഷത്ര ചിഹ്നമിട്ട ചോദ്യത്തിനും 6-7 മിനിട്ട് സമയം അനുവദിച്ചത് കുറഞ്ഞത് 10 ചോദ്യമെങ്കിലും സഭാതലത്തിൽ ചോദിക്കുവാനുള്ള അവസരം സൃഷ്ടിക്കണമെന്ന നിയമസഭാ ചട്ടങ്ങൾ പരിഷ്കരിക്കുന്നതു സംബന്ധിച്ച സമിതിയുടെ 2010-ലെ ശുപാർശ നടപ്പിലാക്കുവാൻ ചെയർ ആഗ്രഹിക്കുന്നതായി പ്രസ്തുത റൂളിംഗിൽ പറഞ്ഞിരുന്നു. എന്നാൽ ഇത് ഇതുവരെ പൂർണ്ണതോതിൽ നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല. ഒരു ദിവസം 3-4 ചോദ്യങ്ങൾ മാത്രമാണ് ഇപ്പോഴും സഭാതലത്തിൽ അനുവദിക്കുവാൻ കഴിയുന്നത്. ഈ സമ്മേളനകാലത്ത് ഇന്നുവരെ ഒൻപത് ദിവസം ചോദ്യോത്തരവേള ഉണ്ടായിരുന്നു. 30 ചോദ്യങ്ങളാണ് ഇതുവരെ സഭാതലത്തിൽ ഉന്നയിക്കുവാൻ കഴിഞ്ഞത്. ഒരു ദിവസം ശരാശരി 28 അംഗങ്ങൾക്ക് ഉപചോദ്യം അനുവദിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഈ സമ്മേളനത്തിൽ ഒരു ചോദ്യവും ലഭിക്കാത്ത 15 അംഗങ്ങളും ഒരു ചോദ്യം മാത്രം ചോദിക്കുവാൻ അവസരം ലഭിച്ച 30 അംഗങ്ങളുമുണ്ട്. ഉപചോദ്യങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച നിയമസഭാ നടപടിചട്ടം 45-ലെ വ്യവസ്ഥകൾ അനുസരിച്ച് മുഖ്യചോദ്യത്തിൽ നിന്നോ അതിന്റെ ഉത്തരത്തിൽ നിന്നോ വ്യതിചലിക്കുന്നതും ഒന്നിൽ കൂടുതൽ വ്യത്യസ്തമായ സംഗതികൾ ഉൾപ്പെടുന്നതോ, വിവരം ആവശ്യപ്പെടുന്നതിന് പകരം വിവരം നൽകുന്നതോ ആയ ഉപചോദ്യങ്ങൾ അനുവദനീയമല്ല. അംഗങ്ങൾ ഉപചോദ്യങ്ങൾ ചോദിക്കുന്നതിന് മുമ്പ് ദീർഘമായ ഉപക്രമം നടത്തുന്നതുകാരണം, അടിസ്ഥാനമിടുന്നതുകാരണം കൂടുതൽ അംഗങ്ങൾക്ക് ഉപചോദ്യത്തിനുള്ള അവസരം നഷ്ടപ്പെടുകയാണ് ചെയ്യുന്നതെന്ന് സഭയിലെ അംഗങ്ങൾക്ക് മനസ്സിലായിട്ടുണ്ടാകും. നിയമസഭാ നടപടിച്ചട്ടത്തിലെ 45-ാം ചട്ടത്തിന് അനുസൃതമായി മാത്രമേ അംഗങ്ങൾക്ക് ഇനി ഉപചോദ്യം അനുവദിക്കുകയുള്ളൂ. ഉപചോദ്യങ്ങൾക്ക് ദീർഘമായ മറുപടി നൽകുന്ന രീതി മന്ത്രിമാർ ദയവായി ഒഴിവാക്കണമെന്നും ചെയർ അഭ്യർത്ഥിക്കുന്നു. ഉപചോദ്യം ലഭിക്കുന്ന അംഗങ്ങൾ കുറഞ്ഞത് 3-4 ദിവസം കഴിഞ്ഞുമാത്രമേ അതിനായി വീണ്ടും ആവശ്യം ഉന്നയിക്കാവൂ എന്ന് വീണ്ടും ചെയർ അഭ്യർത്ഥിക്കുന്നു. കക്ഷി നേതാക്കൾക്ക് ചിലപ്പോൾ സ്വാഭാവികമായി അവസരങ്ങൾ നൽകേണ്ടി വന്നേയ്ക്കും. അത് എപ്പോഴുമുള്ളതാണ്. കാരണം അവർ പാർട്ടിയുടെ പ്രധാന നേതാക്കന്മാരാണ്. കൂടുതൽ ചോദ്യങ്ങൾ സഭാതലത്തിൽ വരുന്നതിനും കൂടുതൽ അംഗങ്ങൾക്ക് ഉപചോദ്യം അനുവദിക്കുന്നതിനും എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളുടേയും സഹകരണം ചെയർ ആത്മാർത്ഥമായി അഭ്യർത്ഥിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2014 ജനുവരി മാസം 29-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 5.38-ന് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly